കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## നൂറനാട് ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.6/55/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ
തീയതി.25.01.17
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൂറനാട് ഗ്രാമപ്പഞ്ചായത്ത്

സർ,

വിഷയം :നൂറനാട് ഗ്രാമപ്പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-2, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/എ.എൽ .പി/പി.6/55/17 തീയതി:25.01.2017

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ
2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.02.2016 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭിച്ച രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2017 മുതൽ 18.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ലിജിലാൽ.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ദീപ.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| | ശ്രീ.ശ്രീകാന്ത്.സി.എസ് | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശോഭാരാജു | 01.04.15മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീ . അശോകൻനായർ. | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീമതി ഡി.കനകമ്മ | 01.04.15 മുതൽ 23.07.15 വരെ |
| | ശ്രീ.കെ.സി.ശിവദാസൻ | 24.07.15 മുതൽ 26.07.15 വരെ |
| | ശ്രീ.അനൂപ് കുമാർ.വി | 27.07.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി ഡി. കനകമ്മ | 01.04.15 മുതൽ 23.07.15 വരെ |
| | ശ്രീ.ജി.മോഹനൻ | 24.07.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കവിത.എസ്. | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലക്ഷ്മി | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കവിത | 01.04.15 മുതൽ 18.01.16 വരെ |
| | ശ്രീമതി.ഷീബ.എസ്.ആർ | 18.01.2016 A.N മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ചൈതന്യ കൃഷ്ണ | 01.04.15 മുതൽ 24.05.15 വരെ |
| | ഡോ. സൗമ്യ.കെ.ജി. | 25.05.15 മുതൽ 02.07.15 വരെ |
| | ഡോ.ലക്ഷ്മി.ജി(ചാർജ്ജ്) | 03.07.15 മുതൽ 06.11.15 വരെ |
| | ഡോ.മിലി.എം | 07.11.15 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.പത്മാക്ഷി | 01.04.15 മുതൽ 31.03.16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.റ്റി.ഷെഫീക് | 01.04.15 മുതൽ 31.03.16 വരെ |
| | ശ്രീ.വിനോദ്കുമാർ.എസ് | 01.04.15 മുതൽ 04.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിനുരാജ്.ഡി | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | വസ്തു നികുതി പിരിവിൽ വീഴ്ച – വൻകുടിശ്ശിക നിലനിൽക്കുന്നു |
| 3 | 2-2 | ജോസ്കോ ആശുപത്രി & നേഴ്സിംങ് കോളേജ് - നിയമാനുസൃത വസ്തു നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു |
| 4 | 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 5 | 2-4 | 2014-15-ൽ ഡി ആന്റ് ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കിയവർ 15-16-ൽ പ്രസ്തുത തുക ഒടുക്കാതിരുന്നതുമൂലം 141330/- രൂപയുടെ വരവുനഷ്ടം |
| 6 | 2-5 | വ്യാപാരികളുടെ തൊഴിൽ നികുതി-2015-16 ഒന്നാം അർദ്ധവർഷം ഒടുക്കുകയും രണ്ടാം അർദ്ധവർഷം ഒടുക്കാതിരിക്കുകയും ചെയ്തതു മൂലം 10250/-രൂപയുടെ വരവ് നഷ്ടം |
| 7 | 2-6 | റേഷൻ കടകളും കള്ളുഷാപ്പുകളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല |
| 8 | 2-7 | ഷോപ്പിംഗ് കോംപ്ലക്സ്-വലിയ തുക വാടക കുടിശ്ശികയായി അവശേഷിക്കുന്നു |
| 9 | 2-8 | പരസ്യ നികുതി ബൈലോ പരിഷ്കരിച്ചിട്ടില്ല |
| 10 | 2-9 | ഡെപ്പോസിറ്റുകൾ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കേണ്ടതാണ് |
| | | ഭാഗം 3 |
| 11 | 3-1 | വെള്ളക്കരമിനത്തിൽ 11.85 ലക്ഷം രൂപ അധികം ഒടുക്കു വരുത്തിയെങ്കിലും പഞ്ചായത്തിന് വാട്ടർ അതോറിറ്റി നിർണ്ണയി ച്ചിട്ടുള്ളത് 1.01 കോടിയുടെ ബാദ്ധ്യത |
| 12 | 3-2 | കുടിവെള്ള പദ്ധതികൾക്കായി 16.8 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകി. വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല |
| 13 | 3-3 | പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരിക്കുക വഴി 2.02 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി |
| 14 | 3-4 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണശേഷം മിച്ചമുള്ള തുക നിർവ്വഹണ ഏജൻസിയിൽ നിന്നു തിരികെ ഈടാക്കിയിട്ടില്ല |
| 15 | 3-5 | നിലവിലില്ലാത്ത സാധാരണ ബൾബുകളുടെ പേരിൽ കറണ്ട് ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്തിന് അധിക ചെലവ് |
| 16 | 3-6 | കൺവീനർമാർക്ക് ഡിപ്പാർട്ട്മെന്റലായി നൽകിയ ടാർവില ഈടാക്കിയതിൽ കുറവ് |
| 17 | 3-7 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തിയുടെ ടെൺണ്ടർ ഫീസ് തിരികെ വാങ്ങിയില്ല |
| 18 | 3-8 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - അടവാക്കിയ തുകയ്ക്ക് രസീത് ലഭ്യമായിട്ടില്ല |
| 19 | 3-9 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല |

| | | |
|---|---|---|
| 20 | 3-10 | സൈക്കിൾ - വിതരണം ചെയ്യാതെ അവശേഷിക്കുന്നു |
| 21 | 3-11 | സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തി ക്കുന്നു |
| 22 | 3-12 | പൈപ്പ് കമ്പോസ്റ്റ് പദ്ധതി - അധികം ചെലവഴിച്ച പഞ്ചായത്ത് വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുകയും, വിലയിന ത്തിൽ ബാക്കി നൽകുവാനുള്ള തുക കൊടുത്തു തീർക്കുകയും ചെയ്യേണ്ടതാണ് |
| 23 | 3-13 | പാലിയേറ്റീവ് കെയർ പദ്ധതി : മരുന്നുകളും മറ്റ് അത്യാവശ്യ വസ്തുക്കളും യഥാസമയം ലഭിക്കുന്നില്ല |
| 24 | 3-14 | ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു |
| 25 | 3-15 | തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം |
| | | ഭാഗം 4 |
| 26 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 27 | അനുബന്ധം. 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 28 | അനുബന്ധം. 2 | ഡി & ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി 2014-15 ൽ ഒടുക്കിയിട്ടുള്ളതും 15-16 ൽ ഒടുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 111503000/-രൂപയും ആകെ ചെലവ് 113492250/-രൂപയുമാണ്. എന്നാൽ വാർഷിക കണക്കു പ്രകാരം വരവു ചെലവുകൾ യഥാക്രമം 36547862/- രൂപയും 48333499/-രൂപയുമാണ്. ആയത് ബജറ്റു പ്രകാരമുള്ളതിന്റെ 33% വും 43% വും മാത്രമാണ്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2. വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 15.7.2016 |

1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4. സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19597139 |
| വരവ് | 36547862 |
| ആകെ | 56145001 |

| | |
|---|---|
| ചെലവ് | 48333499 |
| നീക്കിയിരിപ്പ് | 7811502 |

1-5. ഫണ്ട് വിനിയോഗം

| ഫണ്ടിനം (1) | മുൻബാക്കി (2) | റ്റി.സി. ചെയ്തു ലഭിച്ച തുക (3) | തൻവർഷ അലോട്ട്മെന്റ് (4) | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക (5) | ആകെ (2)+(3)+(5) (6) | ചെലവ് (7) | റ്റി.സി. ചെയ്തു നൽകിയ തുക (8) | തിരിച്ചടച്ചത് | നീക്കിയിരിപ്പ് (9) |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 840104 | 9709204 | 7895508 | 0 | 10549308 | 9046172 | - | 1503136 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3879986 | 0 | 11187236 | 4978778 | 8858764 | 5720528 | 3138236 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 31000 | 0 | 48000 | 0 | 31000 | 0 | 31000 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2837878 | 0 | 7941775 | 7289421 | 10127299 | 5780753 | 4346546 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3593294 | | 2193422 | 2147834 | 5741128 | 3547706 | 2193422 | | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 801216 | | 7900000 | 5843707 | 6644923 | 6007006 | 637917 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 878348 | 637917 | 3162000 | 1384902 | 2901167 | 2901167 | 0 | 0 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 0 | 30108702 | 0 | 0 | 30087341 | 0 | 0 | 21361 |
| ബി ഫണ്ട് | 0 | 0 | 22480725 | 0 | 0 | 22480725 | 0 | 0 | 0 |

1-6.പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 50203061 | 131 | 34765626 | 7 | 20 | 82.91 |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.86 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5854637 | 3315528 | -2539109 | -43.37 |
| നികുതിയേതര വരവുകൾ | 748613 | 503502 | -245111 | -32.74 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 616409 | 739633 | 123224 | 19.99 |
| ആകെ | 7219659 | 4558663 | -2660996 | -36.86 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 211560 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 3553530 | 498 |
| വിധവാപെൻഷൻ | 7886440 | 990 |
| വാർദ്ധക്യകാലപെൻഷൻ | 7617930 | 945 |
| വികലാംഗപെൻഷൻ | 2586185 | 260 |
| അവിവാഹിത പെൻഷൻ | 625080 | 72 |

1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64844/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

മുഖ്യവരുമാനമാർഗ്ഗം വസ്തുനികുതിയായിട്ടും നികുതി പിരിവ് കാര്യക്ഷമമല്ല. നികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശിക യുണ്ടായിട്ടും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലും പരസ്യനികുതി ബൈലോ തയ്യാറാക്കുന്നതിലും മതിയായ ശ്രദ്ധ നല്കാത്തത് പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടപ്പെടാനിടയാക്കുന്നു. പദ്ധതിപ്പണം പരമാവധി വിനിയോഗിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും പഞ്ചായത്തിന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ വികസനമേഖലകൾക്കും അർഹമായ പരിഗണന നല്കിയിട്ടില്ല. ക്ഷീരവികസന മേഖലയെ ഒഴിവാക്കി. മൃഗസംരക്ഷണമേഖലയിലെ പ്രോജക്റ്റ് മരുന്ന് വാങ്ങൽ മാത്രമായി ഒതുങ്ങി. ആരോഗ്യമേഖലയിൽ - അലോപ്പതിയിൽ നിർബന്ധിതവകയിരുത്തലായ പാലിയേറ്റീവ് കെയർ പദ്ധതി മാത്രമാണ് ആസൂത്രണം ചെയ്തത്. ആയുർവ്വേദം, ഹോമിയോ വിഭാഗങ്ങളിലും മരുന്ന് വാങ്ങൽ മാത്രമാണ് വിഭാവനം ചെയ്തത്. പദ്ധതിപ്പണം യഥാസമയം വിനിയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ സംഭവിക്കുന്ന പരാജയം പഞ്ചായത്തിന്റെ പുരോഗതിയെ പുറകിലേക്ക് നയിക്കുന്നതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.2016 | 11/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2011 | 2008-09 മുതൽ 2010-11 വരെ | 03.03.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവിൽ വീഴ്ച – വൻകുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിലെ തനതുവരവിന്റെ മുഖ്യസ്രോതസ്സായ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുക വഴി വൻകുടിശ്ശിക നിലനിൽക്കുന്നു. വാർഷിക കണക്ക് പ്രകാരം കറണ്ട് ഡിമാന്റായ 3735399/- രൂപയിൽ 12,53,733/- രൂപയും (33.56%) അരിയർ ഡിമാൻറായ 1972602/- രൂപയിൽ 4,40,845/- രൂപയും (22.35 %) മാത്രമാണ് 15-16 വർഷം പിരിച്ചെടുക്കുവാൻ കഴിഞ്ഞത്. വസ്തു നികുതി പിരിവ് സംബന്ധമായ സഞ്ചയ സോഫ്റ്റ് വെയർ പഞ്ചായത്തിലെ എല്ലാ നികുതിദായകരുടെയും പരിഷ്കരിച്ച നികുതി വിവരങ്ങൾ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്തിട്ടില്ല. സോഫ്റ്റ് വെയർ അപ് ഡേറ്റ് ചെയ്യാത്തപക്ഷം വസ്തു നികുതിയുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്ററും അരിയർ ഡിമാന്റ് രജിസ്റ്ററും മാന്വലായി തയ്യാറാക്കേണ്ടതാണെങ്കിലും ഇപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഈയിനത്തിലെ ഡിമാന്റ്- കളക്ഷൻ - ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ ഡിമാന്റ് തുകയുടെ 30% മാത്രമാണ് കളക്ഷൻ.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കറണ്ട് | 3735399 | 1253733 | 2481666 |
| അരിയർ | 1972602 | 440845 | 1531757 |
| ആകെ | 5708001 | 1694578 | 4013423 |

വസ്തുനികുതി പിരിവ് സംബന്ധമായി പഞ്ചായത്തിലെ സഞ്ചയസോഫ്റ്റ് വെയറിലും വാർഷിക കണക്കിലും വ്യത്യസ്തമായ തുകകളാണെന്നതിനാലും അനുബന്ധ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാലും ഇതിന്റെ നിജസ്ഥിതി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ മുഖ്യവരുമാനമായ കെട്ടിട നികുതിയുടെ പിരിവ് ഊർജ്ജിതമാക്കുന്നതിനും അനുബന്ധ രജിസ്റ്ററുകൾ/സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ജോസ്കോ ആശുപത്രി & നേഴ്സിംങ് കോളേജ് - നിയമാനുസൃത വസ്തു നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ജോസ്കോ ആശുപത്രിയും നേഴ്സിംങ് കോളേജും നിയമാനുസൃത വസ്തു നികുതി ഒടുക്കാതെ പ്രവർത്തിച്ചു വരുന്നത് വഴി നികുതി ചോർച്ചയുണ്ടാകുന്നതായി പരിശോധനയിൽ വ്യക്തമായി. നിലവിൽ ആകെയുള്ള 7 കെട്ടിടങ്ങളിൽ നിയമാനുസൃതം നിർമ്മാണം നടത്തി നമ്പരിട്ട 4 കെട്ടിടങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ ഉള്ളത്. ഈ കെട്ടിടങ്ങൾക്ക് 14.01.2011 ലെ സ.ഉ(അ)നം.20/2011/തസ്വഭവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ചുവടെ ചേർക്കുന്ന നികുതി റീ-അസ്സസ്സ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | കെട്ടിട നമ്പർ | കെട്ടിട നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|
| 1 | ആശുപത്രി കെട്ടിടം | 1/734 | 17710 | 886 | 18596 |
| 2 | നേഴ്സിംഗ് കോളേജ് -1 | 1/738 | 27650 | 1383 | 29033 |
| 3 | നേഴ്സിംഗ് കോളേജ് ഹോസ്റ്റൽ | 1/735 | 3954 | 198 | 4152 |
| 4 | നേഴ്സിംഗ് കോളേജ് കെട്ടിടം | 17/632 | 5292 | 265 | 5557 |

സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ/14-1/11 പ്രകാരം 13-14 മുതൽ നികുതി അടയ്ക്കുവാൻ പ്രസ്തുത സ്ഥാപനം ബാദ്ധ്യസ്ഥമാണെങ്കിലും നാളിതു വരെ തുകയൊന്നും പഞ്ചായത്തിൽ അടവു വരുത്തിയിട്ടില്ല. ലഭിക്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | 2013-2014 മുതൽ 2016-17 വരെ ഒടുക്കേണ്ട നികുതി ( LC ഉൾപ്പെടെ) |
|---|---|---|
| 1 | 734 | 67580 |
| 2 | 735 | 16608 |
| 3 | 738 | 116132 |
| 4 | 632 | 22228 |
| | ആകെ | 2, 22, 548 |

നാളിതു വരെ കെട്ടിട നികുതി ഈടാക്കാതിരുന്നതിൻമേലും നിലവിലുള്ള 7 കെട്ടിടങ്ങളിൽ ശേഷിച്ച 3 എണ്ണത്തിന് നികുതി നിർണ്ണയം നടത്താതിരുന്നതിൻമേലും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.9/17-1-17) 15/07/2016 ലും 18/01/2017ലും ടിയാന് നികുതി പിഴപലിശ ഉൾപ്പെടെ അടയ്ക്കുവാൻ ആവശ്യപ്പെട്ട് ഡിമാൻറ് നോട്ടീസ് നൽകിയതായി സെക്രട്ടറി മറുപടി നൽകി. 12.05.2016 ൽ നികുതി റീ അസ്സസ്സ് ചെയ്യുന്ന ആവശ്യത്തിനായി സ്ഥലം പരിശോധന നടത്തിയ വേളയിൽ നിലവിൽ നമ്പരിട്ട 4 കെട്ടിടങ്ങളെ കൂടാതെ 3 കെട്ടിടങ്ങൾ കൂടി ഉള്ളതായും 12.02.11 ന് ശേഷം നിർമ്മാണം നടത്തിയതായി കരുതുന്ന പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി നൂറനാട് പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിട്ടില്ലായെന്നും മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത കെട്ടിടങ്ങൾ അച്ചൻകോവിൽ ആറിന്റെ പുറമ്പോക്ക് കയ്യേറി നിർമ്മാണം നടത്തിയതാണെന്ന പരിസരവാസികളുടെ പരാതിയെ തുടർന്ന് പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി മാവേലിക്കര തഹസിൽദാർക്ക് 17.10.2016 ൽ കത്ത് നൽകിയതായും സെക്രട്ടറി മറുപടിയിൽ ചൂണ്ടികാട്ടിയിട്ടുണ്ട്.

നിയമാനുസൃത നികുതി ഒടുക്കാതെയാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ച് വരുന്നതെന്നതിനാൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി പലിശ സഹിതം ഈടാക്കുന്നതിനും നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾക്ക് ഇതിലേക്കാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കുവാനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 മൊബൈൽടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയതിനെത്തുടർന്ന് 6 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി നല്കി. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | സ്ഥലം |
|---|---|---|
| 1 | 3 | ഇടപ്പോൺ |
| 2 | 4 | പാറ്റൂർ |
| 3 | 5 | പഴഞ്ഞിയൂർക്കോണം |
| 4 | 9 | തത്തംമുന്ന |
| 5 | 10 | പുതുപ്പള്ളിക്കുന്നം |
| 6 | 17 | ഇടപ്പോൺ പടിഞ്ഞാറ് |

ഇവയിൽ വാർഡ് 5,17 എന്നിവിടങ്ങളിലെ ടവറുകളുടെ വസ്തുനികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുമില്ല. ഈ ടവറുകളുടെ വസ്തുനികുതി കണക്കാക്കിയതാകട്ടെ കെട്ടിടത്തിന്റെ/നിർമ്മാണത്തിന്റെ തറവിസ്തീർണ്ണം യഥാക്രമം 14.35ച.മീറ്റർ, 8.75ച.മീറ്റർ എന്ന രീതിയിൽ പരിഗണിച്ചാണ്. ഇവയുടെ പെർമിറ്റ് ഫയൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ഏതൊരു പണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് ടവറുകളുടെ പെർമിറ്റിനുള്ള അപേക്ഷ കണ്ടെത്തി പരിശോധിക്കുന്നതിനൊപ്പം സ്ഥലപരിശോധന നടത്തി മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിനും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മറ്റു മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നു. ഇവയുടെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം വസ്തുനികുതിയിനത്തിൽ കൃത്യമായ നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 2014-15-ൽ ഡി ആന്റ് ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കിയവർ 15-16-ൽ പ്രസ്തുത തുക ഒടുക്കാതിരുന്നതുമൂലം 141330/-രൂപയുടെ വരവുനഷ്ടം

നൂറനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളിൽ 2014-15 കാലയളവിൽ ഡി ആന്റ് ഒ ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്തിട്ടുള്ള 102 സ്ഥാപനങ്ങൾ 2015-16-ൽ പ്രസ്തുത ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളുടെയും വിവരങ്ങളുൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാവരിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഇതുമൂലം തൻവർഷം ഡി ആന്റ് ഒ ലൈസൻസ് ഇനത്തിൽ 37300/-രൂപയുടെയും തൊഴിൽ നികുതി ഇനത്തിൽ 104030/- രൂപയുടെയും വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് (പട്ടിക - അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്). ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/18.01.2017 ) ഈ നിലയിൽ ഡി ആന്റ് ഒ ലൈസൻസ് ഫീസും തൊഴിൽനികുതിയും ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വ്യക്തമാക്കി. ഇതിന്മേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-5 വ്യാപാരികളുടെ തൊഴിൽ നികുതി-2015-16 ഒന്നാം അർദ്ധവർഷം ഒടുക്കുകയും രണ്ടാം അർദ്ധവർഷം ഒടുക്കാതിരിക്കുകയും ചെയ്തതു മൂലം 10250/-രൂപയുടെ വരവ് നഷ്ടം

വ്യാപാരികളുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ 9 പേർ രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പേര്,മേൽവിലാസം | സ്ഥാപനം | ഒന്നാം അർദ്ധവർഷം ഒടുക്കിയ തുക | രസീത് നം./തീയതി |
|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണപിള്ള,താഴത്ത് ഹൗസ്,കിടങ്ങയം | ടൂ വീലർ സെയിൽസ് | 1250 | 06850/15/ 9.3.15 |
| 2 | ജോസ്ജോർജ്ജ്, മറ്റത്ത്കാലായിൽ, ഐരാണിക്കുഴി | ഹാർഡ് വെയർ | 1250 | 05957/15/ 13.2.15 |
| 3 | റ്റി.എൻ.ശശിധരൻപിള്ള,ശശിനിവാസ്,ആറ്റുവ | സർവ്വീസ് സ്റ്റേഷൻ | 1250 | 06375/15/ 20.2.15 |
| 4 | സെക്രട്ടറി,നൂറനാട് പട്ടികജാതി സർവ്വീസ് സഹകരണസംഘം | പർപ്പടക യൂണിറ്റ് | 1250 | 07842/15/ 30.3.15 |
| 5 | സെക്രട്ടറി,ശ്രീ ബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,പാറ്റൂർ | ബുക്ക് സ്റ്റാൾ | 1250 | 07334/15/ 19.315 |
| 6 | ഉഷ,അരുണാലയം, തത്തംമുന്ന | വെൽഡിംഗ് വർക് ഷോപ്പ് | 1250 | 00235/15/ 17.4.15 |
| 7 | ഷിഹാബുദീൻകുഞ്ഞ്, യാസിൻവില്ല,താമരക്കുളം | ടൂ വീലർ സെയിൽസ് & സർവ്വീസ് | 1250 | 07922/15/ 30.3.15 |
| 8 | ദീപക്.റ്റി.എസ്,അരീപ്പുറത്ത് വീട്, പാറ്റൂര് | പവ്വർ ടൂൾസ് വിൽപ്പന | 1250 | 210038/15/ 30.3.15 |
| 9 | ജയരാജ്, കിണറുവിളയിൽ, മാങ്കാങ്കുഴി | രാസവളം വിൽപ്പന | 1250 | 03665/15/ 14.3.16 |
| | ആകെ | | 11250 | |

ഇപ്രകാരം തൊഴിൽനികുതി ഇനത്തിൽ വന്നിട്ടുള്ള നഷ്ടം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു.

## 2-6 റേഷൻ കടകളും കള്ളുഷാപ്പുകളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 17 റേഷൻ കടകളും 5 കള്ള് ഷാപ്പുകളും പ്രവർത്തിക്കുന്നു. ഇതിൽ ഒരു കള്ള് ഷാപ്പ് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. റേഷൻകടകൾ പൂർണ്ണമായും കള്ള് ഷാപ്പുകളിൽ 4എണ്ണവും പഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല. തന്മൂലം ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു. ഇക്കാര്യത്തിൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/17.01.2017) ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുവാൻ അടിയന്തിരമായി നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചു. ഇതിന്മേൽ സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സ്-വലിയ തുക വാടക കുടിശ്ശികയായി അവശേഷിക്കുന്നു

പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക പിരിവ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ ഈ ഇനത്തിൽ വലിയ കുടിശ്ശിക പിരിച്ചെടുക്കാനുള്ളതായി കാണുന്നു. 2015-16 വർഷക്കാലം 127292/-രൂപ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു. കുടിശ്ശിക ഡിമാന്റ് ഇനത്തിൽ 39532/-രൂപയും ലഭിക്കാനുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/17.01.2017) മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ കുടിശ്ശിക ഈടാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി ബൈലോ പരിഷ്കരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോ എന്നിവയുടെ അടിസ്ഥാനത്തിൽ പരസ്യനികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കായംകുളം - പുനലൂർ സംസ്ഥാനപാത ഈ പഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നു. കൂടാതെ നൂറനാട് ഇടപ്പോൺ റോഡും പഞ്ചായത്ത് പരിധിയിൽ കൂടി കടന്നു പോകുന്നുണ്ട്. ഈ റോഡുകളുടെ വശങ്ങളിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 – ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ്.ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡെപ്പോസിറ്റുകൾ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) ആർട്ടിക്കിൾ 282 പ്രകാരം മൂന്നു വർഷത്തിന്മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. എന്നാൽ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള വിവിധ ഡെപ്പോസിറ്റുകൾ നാളിതുവരെയും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെ തുടരുന്നു. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. യഥാസമയം ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

| വർഷം | തുക |
|---|---|
| 2006-07 | 3890 |
| 2007-08 | 24960 |
| 2008-09 | 2000 |
| 2009-10 | 1124 |
| 2012-13 | 16600 |
| ആകെ | 48574 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരമിനത്തിൽ 11.85 ലക്ഷം രൂപ അധികം ഒടുക്കു വരുത്തിയെങ്കിലും പഞ്ചായത്തിന് വാട്ടർ അതോറിറ്റി നിർണ്ണയിച്ചിട്ടുള്ളത് 1.01 കോടിയുടെ ബാദ്ധ്യത

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തനത്ഫണ്ടിൽ നിന്ന് നേരിട്ടും വിവിധ വർഷങ്ങളിൽ പഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയും ഡിമാന്റിൽ അധികരിച്ച്, 11,84,714/- രൂപ അധികം ഒടുക്കു വരുത്തിയെങ്കിലും ഈ ഇനത്തിൽ വാട്ടർ അതോറിറ്റി 31/01/2017 ലെ ബാദ്ധ്യതയായി നിർണ്ണയിച്ച് നൽകിയിട്ടുള്ളത് 1,01,14,661/- രൂപയാണ്.

രേഖകൾ പ്രകാരം 2012-13 വരെ 406 ഉം, 2013-2014 മുതൽ 426 ഉം പൊതുടാപ്പുകളാണ് പഞ്ചായത്തിന് ഉള്ളത്. ഈ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2008-2009 മുതൽ 31/12/2016 വരെയുള്ള കാലയളവിലെ ഒടുക്കു സംബന്ധമായി പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിലാണ് 11.85 ലക്ഷം രൂപ അധികം ഒടുക്കു വരുത്തിയിട്ടുള്ളതായി വ്യക്തമായത്. എന്നാൽ പഞ്ചായത്തിൽ നിന്ന് നേരിട്ട് ഒടുക്കിയ തുക മാത്രം പരിഗണിച്ചും, വിവിധ സർക്കാർ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയതും പ്രോജക്ട് ആവിഷ്കരിച്ച് ഒടുക്കിയതുമായ തുകകൾ പരിഗണിക്കാതെയും വാട്ടർ അതോറിറ്റി ഡിമാന്റ് നിശ്ചയിച്ചത് വഴിയാണ് ഇപ്രകാരം 1.01 കോടി രൂപയുടെ ബാദ്ധ്യത പഞ്ചായത്തിന് വന്നിട്ടുള്ളത്. അധികം അടവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | തൻ വർഷത്തെ ആകെ ഡിമാന്റ് | തനതു ഫണ്ടിൽ നിന്നും ഒടുക്കിയത് | സർക്കാർ ഗ്രാൻറുകളിൽ നിന്നും നേരിട്ട് അടവായത് + പ്രോജക്ട് പ്രകാരം അടവ് | തൻവർഷം ആകെ അടവാക്കിയത് | അടവാക്കിയ തുകയിൽ കൂടുതൽ | അടവാക്കിയ തുകയിൽ കുറവ് |
|---|---|---|---|---|---|---|---|
| 2008-2009 | 406 | 710496 | 527041 | 420359(GPF) | 947400 | (+) 236904 | - |
| 2009-2010 | 406 | 1400871 | 1123472<br>ആകെ | 505987(GPF)<br>402987 MG(NR) | 2032446 | (+)631575 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 908974<br>====== | | | |
| 2010-2011 | 406 | 1550496 | 516832<br>ആകെ | 430328MG(NR)<br>293866 (Dev. Fund)<br>444441(GPF)<br>1168635<br>======= | 1685467 | (+)134971 | - |
| 2011-2012 | 406 | 1550496 | -<br>ആകെ | 200000(Project)<br>521970(MG (NR))<br>693200(Dev. Fund)<br>521970(GPF)<br>1937140<br>======= | 1937140 | (+)386644 | - |
| 2012-2013 | 406 | 1430628 | 607834 | 617506(MG (NR) | 1225340 | - | (-) 205280 |
| 2013-2014 | 426 | 1491000 | 1491000 | - | 1491000 | - | - |
| 2014-2015 | 426 | 1863750 | 1863750 | - | 1863750 | - | - |
| 2015-2016 | 426 | 2236500 | 2236500 | - | 2236500 | - | - |
| 2016-2017 ( UP TO 12/16) | 426 | 1677375 | 1677375 | - | 1677375 | - | - |
| | | | | | | (+)13,900,94 | (-)205280 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 7/2010 വരെ പഞ്ചായത്തിന് വെള്ളക്കര കുടിശ്ശിക ഒന്നുമില്ല. എന്നാൽ 10/2012 ലെ ഡിമാന്റ് നോട്ടീസിലാകട്ടെ കുടിശ്ശിക 46,30,854/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. വെള്ളക്കരത്തിന്റെ ഒടുക്ക സംബന്ധമായി ഹാജരാക്കിയ രജിസ്ററർ പ്രകാരം 8/2010 മുതൽ 10/2012 വരെ തനതു ഫണ്ടിൽ നിന്നും വെള്ളക്കരമിനത്തിൽ തുകയൊന്നും അടച്ചിട്ടില്ല. എന്നാൽ ഇതേ കാലയളവിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ അധികരിച്ചിട്ടുള്ള തുക പഞ്ചായത്തിന് അർഹമായ ഗ്രാന്റിൽ നിന്നും വെള്ളക്കരത്തിനായി കുറവ് വരുത്തിയിട്ടുണ്ട്. ഇത് കൂടാതെ 11-12 വർഷം 2 ലക്ഷം രൂപ പ്രോജക്ട് ആവിഷ്കരിച്ച് ഒടുക്കിയിട്ടുമുണ്ട്. എന്നാൽ ഈ

ഒടുക്കുകൾ പരിഗണിച്ചല്ല വാട്ടർ അതോറിറ്റി പഞ്ചായത്തിന് ഡിമാന്റ് നിശ്ചയിച്ചതെന്ന് മേൽ രേഖകളിൽ നിന്നും വ്യക്തമാണ്. കുടിശ്ശികയ്ക്ക് പ്രതിമാസം 2% പലിശയാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നതെന്നതിനാൽ ബാദ്ധ്യത ഭീമമായി വർദ്ധിക്കുകയും ചെയ്തു. വെള്ളക്കരം കൃത്യമായി അടച്ചിട്ടും 4/2015 ൽ 67,76,455/- രൂപയായിരുന്ന കുടിശ്ശിക 3/2016 ൽ 81,75,437/- രൂപയായി വർദ്ധിച്ചു. അതായത് 2015-2016 ൽ പലിശയിനത്തിലെ വർദ്ധനവ് മാത്രം 13,98,982/- രൂപയാണ്. എന്നാൽ ഡിമാന്റിൽ അധികരിച്ച് വെള്ളക്കരമടച്ചിരിക്കുമ്പോഴാണ് ഇപ്രകാരം ബാദ്ധ്യത നിർണ്ണയിച്ചതെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയ തുക പരിഗണിക്കാതെ ഡിമാന്റ് നോട്ടീസിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടും ഈ അപാകത യഥാസമയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധമായി നാളിതുവരെ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 426 ടാപ്പുകൾക്ക് പ്രതിമാസം 5250/- രൂപ നിരക്കിൽ കരം ഒടുക്കുന്നുവെങ്കിലും ഭൂരിപക്ഷം ടാപ്പുകളും പ്രവർത്തനക്ഷമമല്ല എന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി അധികൃതർക്ക് ഒന്നിലധികം കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ അവർ ഇതിനോട് പ്രതികരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വലിയ തുക തനതു ഫണ്ടിൽ നിന്നും നഷ്ടമാകുന്നു. കൂടാതെ കുടിവെള്ള പദ്ധതിയ്ക്കായി 30/10/2009 ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 14,50,000/- രൂപ നാളിതു വരെ പ്രവൃത്തി നടത്താതെയും തിരിച്ചു ലഭിക്കാതെയും നിക്ഷേപമായി മാത്രം തുടരുന്നു. (ഖ:3-2 കാണുക)

വെള്ളക്കരത്തിന്റെ കുടിശ്ശിക സംബന്ധമായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിലെ പിഴവ് ചൂണ്ടിക്കാട്ടി പഞ്ചായത്തിന് ഈയിനത്തിൽ നിലവിലുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിനും, അധികം അടച്ച തുക ക്രമീകരിച്ച് കിട്ടുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തി പഞ്ചായത്തിനുണ്ടായി ക്കൊണ്ടിരിക്കുന്ന അധിക ചെലവ് ഒഴിവാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-2 <u>കുടിവെള്ള പദ്ധതികൾക്കായി **16.8** ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകി. വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല</u>

കുടിവെള്ളക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി 16,80,000/- രൂപ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി നൽകി വർഷങ്ങൾക്ക് ശേഷവും ഈ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല/പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും പ്രോജക്ട് നം. | നിക്ഷേപിച്ച തുക | ഡി.ഡി നം./തീയതി | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1.കല്ലാത്തറ പട്ടികജാതി<br>കോളനി കുടിവെള്ള പദ്ധതി പ്രോ.നം.94/09-10 | 14,50,000 | 853439/<br>30.10.2009 | വാട്ടർ അതോറിറ്റി | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 2.കൊക്കോലി തെക്കേതിൽ കോളനി, മുകളയ്യത്ത് തേവരു വിള കോളനി, മാമ്പുഴ കുന്ന് വടക്കോട്ട് കോളനി, മോഴിവെട്ടത്ത് കോളനി എന്നീ നാല് പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോ.നം. 164/15 | 230000 | 716896/24.03.2015 | വാട്ടർ അതോറിറ്റി | പ്രവർത്തി ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| ആകെ | 16,80,000/- | | | |

ആദ്യ പ്രവൃത്തിക്കായി 31-10-2009 ൽ വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടുണ്ട്. കരാർ പ്രകാരം 30.12.2010 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു പ്രസ്തുത പ്രവൃത്തി. രണ്ടാമത്തെ പ്രവൃത്തിയ്ക്ക് വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചതായും രേഖയില്ല. പദ്ധതിക്കാവശ്യമായ തുക മുൻകൂറായി നിർവ്വഹണ ഏജൻസിക്ക് നൽകി വർഷങ്ങൾക്ക് ശേഷവും പ്രവർത്തി ആരംഭിക്കാതിരുന്നതിൻമേൽ യാതൊരു വിശദീകരണവും വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഏജൻസി കരാർ ലംഘനം നടത്തി വർഷങ്ങൾക്ക് ശേഷവും പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിനോ മുൻകൂറായി നൽകിയിരുന്ന തുക തിരികെ ഈടാക്കുന്നതിനോ പഞ്ചായത്ത് അധികൃതർ എന്തെങ്കിലും നടപടി സ്വീകരിച്ചതായും രേഖയില്ല. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പഞ്ചായത്ത് അടയ്ക്കുവാനുള്ള വെള്ളക്കരത്തിന് പ്രതിമാസം 2% പലിശ വാട്ടർ അതോറിറ്റി ഈടാക്കുമ്പോഴാണ് മുൻകൂറായി നിക്ഷേപിച്ച തുക വിനിയോഗിച്ച് വാട്ടർ അതോറിറ്റി പ്രവർത്തി നടപ്പാക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യാതിരുന്നത്. ആകയാൽ ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം, വർക്കുകൾ നടപ്പാക്കാത്ത പക്ഷം മുൻകൂർ തുക നിർവ്വഹണ ഏജൻസിയിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-3 പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരിക്കുക വഴി 2.02 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി

പഞ്ചായത്തിൽ 2015-2016 വർഷം മുന്നിരിപ്പ് ഉൾപ്പെടെ ലഭ്യമായ സർക്കാർ ധനസഹായം പൂർണ്ണമായും ചെലവഴിയ്ക്കാതിരിക്കുക വഴി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമായിരുന്ന 2,01,86,427/- രൂപ പഞ്ചായത്തിന് നഷ്ടമായി. വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാതിരുന്നതു മൂലമാണ് വിനിയോഗിക്കാതെ മിച്ചം നിന്ന തുക നഷ്ടമാകാൻ ഇടയാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | ട്രാൻസ്ഫർ/ക്രഡിറ്റ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നഷ്ടമായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 840104 | (+)9709204 | 7895508 | 18444816 | 9046172 | 9398644 |
| വികസനഫണ്ട്( എസ്.സി.പി) | 3879986 | (-)3138236 | 11187236 | 11928986 | 5720528 | 62,08,458 |
| വികസനഫണ്ട്( റ്റി.എസ്.പി) | 31000 | (-)31000 | 48000 | 48000 | - | 48,000 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 801216 | (-)637917 | 7900000 | 8063299 | 6007006 | 20,56,293 |
| സംരക്ഷണഗ്രാന്റ്( റോഡിതരം) | 878348 | (+)637917 | 3162000 | 4678265 | 2901167 | 17,77,090 |
| ധനകാര്യകമ്മീഷൻ ഗ്രാൻറ് | 2837878 | (-)4346546 | 7941775 | 6433107 | 5780753 | 6,52,354 |
| ലോകബാങ്ക് ധനസഹായം | 3593294 | (-)2193422 | 2193422 | 3593294 | 3547706 | 45588 |
| ആകെ | | | | | | 2,01,86,427 |

ഗ്രാമപഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കും പൊതുജനത്തിന് സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി അനുവദിക്കപ്പെട്ട തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടതെന്നതിനാൽ വിഷയം തുടർ നടപടികൾക്കായി ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണശേഷം മിച്ചമുള്ള തുക നിർവ്വഹണ ഏജൻസിയിൽ നിന്നു തിരികെ ഈടാക്കിയിട്ടില്ല

2014-2015 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 280000/- രൂപ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. (DD NO.717291/15-12-14) എഗ്രിമെന്റ് പ്രകാരം 15-4-2015 നുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ രേഖകൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതായിരുന്നു. ഈ വർക്കു സംബന്ധമായി വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 7-10-2015 ൽ പഞ്ചായത്തിൽ

ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ (നം.എ2-1087/14/29.09.2015) ടി പ്രവർത്തിക്ക് 15% സെന്റേജ് ചാർജ്ജുൾപ്പെടെ 2,33,856/- രൂപ ചെലവു വന്നതായും 46144/- രൂപ മിച്ചമുള്ളതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം മിച്ചം വന്ന തുക നിർവ്വഹണ ഏജൻസി നാളിതുവരെ (1/2017) പഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. തുക ഈടാക്കുവാൻ പഞ്ചായത്ത് അധികൃതർ നടപടിയൊന്നും സ്വീകരിച്ചിട്ടുമില്ല. ആകയാൽ നിർവ്വഹണ ഏജൻസിയിൽ മിച്ചം നിൽക്കുന്ന തുക തിരികെ ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 നിലവിലില്ലാത്ത സാധാരണ ബൾബുകളുടെ പേരിൽ കറണ്ട് ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്തിന് അധിക ചെലവ്

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് സംബന്ധമായി ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ഹാജരാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് (കൺസ്യൂമർ നം.649) പരിശോധിച്ചതിൽ പ്രതിമാസം പഞ്ചായത്ത് അടക്കുന്ന 77290/- രൂപയിൽ 40701/- രൂപ സാധാരണ ബൾബുകളുടെ കറണ്ട് ചാർജ്ജിനത്തിലാണ് വക വച്ചുപോരുന്നത്.

| ഇനം | എണ്ണം | കത്തുന്ന സമയം | റേറ്റ് (ഒരെണ്ണത്തിന്) | തുക |
|---|---|---|---|---|
| 40 വാട്ട് സാധാരണ ബൾബ് | 339 | 12 | 61 | 20679 |
| 60 വാട്ട് സാധരണ ബൾബ് | 213 | 12 | 94 | 20022 |
| | | | | 40701 |

പഞ്ചായത്ത് സമീപ വർഷങ്ങളിലൊന്നും സാധാരണ ബൾബ് വാങ്ങിയിട്ടില്ല. കൂടാതെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി ചുമതലപ്പെട്ടുള്ള കരാറുകാർക്ക് നൽകിയ ലിസ്റ്റിൽ സാധാരണ ബൾബുകൾ ഉൾപ്പെടുന്നും ഇല്ല. ഇതിൽ നിന്നും പഞ്ചായത്തിലെ തെരുവ് വിളക്കുകളിൽ നിലവിൽ സാധാരണ ബൾബുകൾ ഇല്ല എന്നത് സുവ്യക്തമാണ്. നിലവിലുണ്ടായിരുന്ന സാധാരണ ബൾബുകൾ വിവിധ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർണ്ണമായും ഫ്ലൂറസെന്റ്/ സി.എഫ്.എൽ ആയി മാറ്റപ്പെട്ടിട്ടും കറണ്ട് ചാർജ്ജ് സാധാരണ ബൾബുകളുടേതാണ് അടക്കുന്നതെന്നതിനാൽ പഞ്ചായത്തിന് ഈ ഇനത്തിൽ അധിക ചെലവിന് ഇടയാകുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിടെ തെരുവ് വിളക്കിന്റെ ഇനം തിരിച്ചുള്ള ലിസ്റ്റിന് അന്തിമ രൂപമായിട്ടില്ല. കൂടാതെ പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളൊന്നും തയ്യാറാക്കപ്പെട്ടിട്ടും ഇല്ല. ഇതെല്ലാം പഞ്ചായത്തിന് അധിക ചെലവിന് വഴി വെക്കുന്നതാകയാൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും അതുവഴി ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ്ജ് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-6 കൺവീനർമാർക്ക് ഡിപ്പാർട്ട്മെന്റലായി നൽകിയ ടാർവില ഈടാക്കിയതിൽ കുറവ്

15-16 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെ പറയുന്ന റോഡ് വർക്കുകൾ ഡിപ്പാർട്ട്മെന്റലായി നൽകിയ ടാറിന്റെ വില പൂർണ്ണമായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് ബിൽ തുക അനുവദിച്ചു.

| വർക്കിന്റെ പേരും പ്രോജക്ട് നം. | കൺവീനർ | നൽകിയ ടാറിന്റെ അളവ് | ഉപയോഗിച്ച ടാറിന്റെ അളവ് (കി. ഗ്രാം) | മറ്റു വർക്കുകൾക്കായി ട്രാൻസ്ഫർ ചെയ്തത് | ആകെ (കി.ഗ്രാം) | നീക്കിയിരിപ്പ് ( കി.ഗ്രാം) | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|---|
| ബിജു ഭവനം കുറ്റിലയ്യത്ത് റോഡ് കോൺക്രീറ്റിംഗ്, (88/15) | പങ്കജാക്ഷൻ പിള്ള | 9 ബാരൽ - 1404 കി.ഗ്രാം | 1317.34 | 74 | 1391.34 | 12.66 | 12.66x53.14=673 |
| കുന്നം വീട്ടിൽ മുക്ക് ഉണ്ടിൽ മുക്ക് റോഡ് റീടാറിംഗ് | സദാനന്ദൻ | 15 ബാരൽ - 2340 കി.ഗ്രാം | 2260.68 | 72 | 2332.68 | 7.32 | 7.32x53.14=389 |
| | | | | | | ആകെ | 1062 |

ഈ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ച് രസീത് ഹാജരാക്കി.

| ക്രമ നം. | രസീത് നം. | തുക |
|---|---|---|
| 1 | 11602105641/17.01.2017 | 673 |
| 2 | 11602105642/17.01.2017 | 389 |
| ആകെ | | 1062 |

## 3-7 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തിയുടെ ടെൻണ്ടർ ഫീസ് തിരികെ വാങ്ങിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-2016 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പുല്ലേൽകടവ് - തടത്തിൽ പറമ്പ് റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ് എന്ന പ്രവൃത്തിയുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും നാളിതുവരെ ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല. 28/9/2013 ലെ ജി.ഒ(എം.എസ്)318/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഒടുക്കു വരുത്തപ്പെട്ട ഈ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ പേര് | ഒടുക്കിയ ടെൻഡർ ഫീസ് |
|---|---|---|
| 1 | എം ചന്ദ്രശേഖരൻ ഉണ്ണിത്താൻ | 2415 |
| 2 | കെ. രാജൻ | 2415 |
| 3 | ജി. പ്രകാശ് | 2415 |
| | ആകെ | 7245/- |

ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കേണ്ട ഈ തുക ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/16.01.2017) തുക തിരികെ ലഭിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. തുക ഈടാക്കിയ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(എ) ജി.ഒ (പി) 429/15/28.09.2015 പ്രകാരം 10 ലക്ഷം രൂപ മുതൽ 1 കോടി വരെ മതിപ്പ് മൂല്യമുള്ള വർക്കുകളുടെ ടെൻഡർ ഫീസ് 2500/- രൂപയാണ്. ടെൻഡർ ഫീസ് കുറവായി ഈടാക്കിയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഈയിനത്തിലുള്ള ബാലൻസ് തുകയായ 255/- രൂപ (3*85) പഞ്ചായത്ത് അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കി. (രസീത് നം. 11602105640/17.01.2017)

## 3-8 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - അടവാക്കിയ തുകയ്ക്ക് രസീത് ലഭ്യമായിട്ടില്ല

2015-2016 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ 84 മരാമത്ത് പ്രവർത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ (മൂല്യ നിർണ്ണയ തുകയുടെ 1%)1,82,606/-രൂപ ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കു വരുത്തുന്നതിലേക്കായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത് ക്ഷേമനിധി ബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം :/ പേര് | S0046/16 ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്. |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | 30000 + 15000+15000=60000 |
| ചെലവ്<br>ബിൽ നമ്പർ | 30000 (പഞ്ചായത്ത് വിഹിതം)<br>09/15-16 തീയതി: 26.03.2016 |

ടി പ്രോജക്റ്റ് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് 4140/- രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന 5 പേർക്ക് 5172/- രൂപ വീതവും സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. ഇവിടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തി പ്രോജക്റ്റ് ആസൂത്രണം ചെയ്തെങ്കിലും ഗ്രാമപ്പഞ്ചായത്ത് വിഹിതം മാത്രമാണ് 2015-16ൽ നല്കിയത്. ഈ വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ബ്ലോക്ക്, ജില്ലാപ്പഞ്ചായത്ത് വിഹിതങ്ങൾ യഥാസമയം ലഭിക്കാഞ്ഞതിനാൽ തൻവർഷം നല്കിയില്ല എന്നും ഈ തുക 2016-17 ൽ സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം നല്കിയിട്ടുണ്ടെന്നും വിശദീകരിച്ചു. അതു കൂടി ഉൾപ്പെടുത്തിയാൽപ്പോലും ടിയാളുകൾക്ക് യഥാക്രമം 8180/-രൂപ, 10344/- രൂപ എന്നിങ്ങനെ മാത്രമാണ് സ്കോളർഷിപ്പ് നല്കിയത്. ജി.ഒ.(എം.എസ്) 362/2013/എൽ.എസ്.ജി.ഡി. തീയതി:16.11.2013 ലെ അനുബന്ധം 16-5-8(എ)പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിയ്ക്ക്, ഇവിടെ ഗുണഭോക്താവ് ബിരുദവിദ്യാർത്ഥിനിയായതിനാൽ ടിയാന്റെ താമസത്തിനനുസരിച്ച്, 11600/-രൂപ (day scholar)/16000/- രൂപ (hosteller) സ്കോളർഷിപ്പ് ഇനത്തിൽ അർഹതയുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിക്ക് ടി സർക്കാർ ഉത്തരവ് അനുബന്ധം 16/05/8(B) പ്രകാരം 15600 രൂപയ്ക്ക് അർഹതയുണ്ട്. പ്രത്യക പരിഗണനയ്ക്ക് അർഹരായ ടിയാളുകൾക്ക് പരമാവധി സ്കോളർഷിപ്പ് ലഭിക്കത്തക്ക രീതിയിൽ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 സൈക്കിൾ - വിതരണം ചെയ്യാതെ അവശേഷിക്കുന്നു

| പ്രോജക്റ്റ് നം. പേര് | ചെലവ് തുക | ഡി.ഡി.നം/ തീയതി |
|---|---|---|

| | | |
|---|---|---|
| S0015/16<br>പത്താം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 152516 | 059994/<br>16.03.16 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | |

ടി പ്രോജക്റ്റ് പ്രകാരം 42 സൈക്കിൾ (ആൺ - 28, പെൺ - 14) വാങ്ങിയതിൽ ആൺകുട്ടികളുടെ ഒരു സൈക്കിൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. കൂടാതെ 2014-15ലെ പദ്ധതി പ്രകാരം വാങ്ങിയ, പെൺകുട്ടികളുടെ ഒരു സൈക്കിളും വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഈ വിഷയം ശ്രദ്ധയിൽ പ്പെടുത്തി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:12 തീയതി : 18.01.17) പദ്ധതിയാനുകൂല്യത്തിനായി സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ അർഹനല്ലാത്തയാൾക്ക് വിതരണം ചെയ്യാതിരുന്നതിനാലാണ് 2015-16ൽ വാങ്ങിയ ഒരു സൈക്കിൾ അവശേഷിച്ചതെന്നും മുൻവർഷം വാങ്ങിയ സൈക്കിൾ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് വിതരണം ചെയ്യാതിരുന്നതെന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണെന്നും മറുപടി നല്കി. ഉപയോഗിക്കാതെ സൂക്ഷിക്കുന്ന സൈക്കിളിന്റെ ഭാഗങ്ങൾ നശിച്ചുപോകാനിടയുള്ളതിനാൽ എത്രയും വേഗം നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2015-16 ൽ വാങ്ങിയതിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന സൈക്കിളിന്റെ വില 3548/- രൂപ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താവിന് നല്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 3-11 സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും ടി സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. 2015-16 ൽ 10 അങ്കണവാടികൾക്ക് മാത്രമാണ് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചത്. മറ്റ് അങ്കണ വാടികളുടെ ഫിറ്റ്നെസ് ഉറപ്പാക്കിയിട്ടില്ല. അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനെപ്പറ്റി മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടില്ല. എല്ലാ അങ്കണവാടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സുരക്ഷിതമായ കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 3-12 പൈപ്പ് കമ്പോസ്റ്റ് പദ്ധതി - അധികം ചെലവഴിച്ച പഞ്ചായത്ത് വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുകയും, വിലയിനത്തിൽ ബാക്കി നൽകുവാനുള്ള തുക കൊടുത്തു തീർക്കുകയും ചെയ്യേണ്ടതാണ്

| പ്രോജക്റ്റ് നം. പേര് | ചെലവ് തുക | ഫണ്ടിനം | ഡി.ഡി.നം / തീയതി |
|---|---|---|---|
| S0037/16, S0004/17 | 27000 | വികസനഫണ്ട് | 063801/25.01.16 |

| | | | |
|---|---|---|---|
| വീട്ടുകളിൽ മാലിന്യ നിർമ്മാർജ്ജന സൗകര്യം ഒരുക്കൽ -പൈപ്പ് കമ്പോസ്റ്റ് | 450000 | ശുചിത്വമിഷൻ | 240893/17.02.16 |
| | 45225 | ഗുണഭോക്തൃവിഹിതം | 049196/21.07.16 |
| | 449100 | ശുചിത്വമിഷൻ | 458452/25.07.16 |
| നിർവ്വഹണം | സെക്രട്ടറി | | |

ശുചിത്വമിഷന്റെ സാങ്കേതികനിർദ്ദേശപ്രകാരം 75% ശുചിത്വമിഷൻ വിഹിതം , 15% പഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിങ്ങനെ ഫണ്ട് വകയിരുത്തി 2220 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തതിനെത്തുടർന്ന് ശുചിത്വമിഷൻ വിഹിതത്തിന്റെ ഒന്നാം ഗഡു 899100/-രൂപ ഡി.ഡി.നം: 995051/02.06.2015പ്രകാരം പഞ്ചായത്തിൽ ലഭിച്ചിരുന്നു. യൂണിറ്റിന് 900/-രൂപ നിരക്കിൽ അഗ്രോയിൽ നിന്നും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് വാങ്ങുന്നതിന് നിശ്ചയിച്ചത് പ്രകാരം, 1401 ഗുണഭോക്താക്കൾ അവരുടെ വിഹിതം 2015-16ൽ തന്നെ പഞ്ചായത്തിൽ ഒടുക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ (2015-16 - ൽ 800ഉം, 2016-17 ൽ 601ഉം) വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 1401 യൂണിറ്റിന് ശുചിത്വമിഷൻ വിഹിതം 945675/-രൂപ, പഞ്ചായത്ത് വിഹിതം 189135/-രൂപ, ഗുണഭോക്തൃവിഹിതം 126090/- എന്നിങ്ങനെ ആകെ 1260900/-രൂപയാണ് ചെലവഴിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് വിഹിതം, ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 270000/- രൂപയും, ശുചിത്വമിഷൻ വിഹിതം 889100/- രൂപയും, ഗുണഭോക്തൃവിഹിതം 45225/- രൂപയും ഉൾപ്പടെ 1214325/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. അഗ്രോയ്ക്ക് 46575/-രൂപ കൂടി കൊടുക്കുവാനുമുണ്ട്. ഇവിടെ പഞ്ചായത്ത് വിഹിതം 80865/-രൂപ (270000 - 189135) അധികമായി ചെലവഴിച്ചിരിക്കുന്നു. അതേസമയം ശുചിത്വമിഷനിൽ നിന്നും 46575/- രൂപ കിട്ടാനുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച 126090/- രൂപയിൽ 80865/-രൂപ (126090 - 45225) പഞ്ചായത്തിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് വിഹിതമായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം നല്കിയ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുകയും ശുചിത്വമിഷനിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കി അഗ്രോയ്ക്ക് കൊടുക്കേണ്ട ബാക്കിത്തുക കൊടുത്തുതീർക്കുകയും ചെയ്യേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ പദ്ധതി : മരുന്നുകളും മറ്റ് അത്യാവശ്യവസ്തുക്കളും യഥാസമയം ലഭിക്കുന്നില്ല

പ്രോജക്റ്റ് നം : 7/15, 41/15(spill over project) പാലിയേറ്റീവ് കെയർ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

ടി പ്രോജക്റ്റുകൾ പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ആവശ്യമായ മരുന്ന്, ഹോംകെയർ കിറ്റ്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2015-16 ൽ 120014/-രൂപ (ഡി.ഡി.നം:060705/31.03.2016- 47014/- രൂപ, 060715/31.03.2016- 73000/- രൂപ) കേരള മെഡിക്കൽ കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ 17382/-രൂപയുടെ മരുന്ന്/ഹോംകെയർ കിറ്റ് /ഉപകരണങ്ങൾ എന്നിവ നാളിതുവരെയും ലഭിച്ചിട്ടില്ല. നിർദ്ധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ/ഹോംകെയർ കിറ്റ് ലഭിക്കാതിരിക്കുന്നത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാകാനുള്ള മരുന്നിന്റെ വില 17382/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2006-07 വർഷമായിരുന്നു. 2006-07ൽ ആരംഭിച്ച് 2010-11 ൽ അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്കരിച്ചത്. ആദ്യ ഘട്ടത്തിൽ 84 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 2010-11-ൽ റീവിസിറ്റ് നടത്തി പുനക്രമീകരിച്ച പദ്ധതി പ്രകാരം 68 അഗതി കുടുംബങ്ങളാണുള്ളത്. 2014-17 കാലയളവിൽ നടപ്പിലാക്കുന്നതിനായി 101 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുവെങ്കിലും പ്രവർത്തനം ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങി. രണ്ടാം ഘട്ട പദ്ധതിയ്ക്ക് വേണ്ടി വികസനഫണ്ട്

ഫണ്ട് ലഭിച്ചിട്ടുമില്ല. ഓഡിറ്റ് തീയതിയിൽ 83000/-രൂപ മാത്രമേ അക്കൗണ്ടിൽ അവശേഷിക്കുന്നുള്ളൂ.

ആശ്രയ പദ്ധതിയ്ക്കായി ലഭ്യമായ ചലഞ്ച് ഫണ്ട്, വികസന ഫണ്ട് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഒന്നാം ഘട്ട പദ്ധതി | രണ്ടാം ഘട്ട പദ്ധതി |
|---|---|---|
| ചലഞ്ച് ഫണ്ട് | 1000000 | 498333 |
| വികസന ഫണ്ട് | 425000 | ഇല്ല |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കേണ്ട പ്രോജക്ടുകളുടെ ഗണത്തിലാണ് അഗതി ആശ്രയ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. ആശ്രയ പദ്ധതിയ്ക്ക് നിർബന്ധമായും തുക വകയിരുത്തണമെന്നതും അല്ലാത്തപക്ഷം വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകില്ലായെന്നതും ആശ്രയ പദ്ധതിയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ആശ്രയ പദ്ധതിയ്ക്ക് നാമമാത്രമായ തുക മാത്രം നൽകുന്നത് അഗതികളോട് ഗ്രാമപഞ്ചായത്ത് അധികൃതർ പുലർത്തുന്ന അവഗണനയായി മാത്രമേ കാണാൻ കഴിയൂ. ഓഡിറ്റ് വർഷം 21300 /-രൂപ മാത്രമാണ് (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) നൽകിയത്.

ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തും, സി.ഡി.എസും. സത്വരനടപടി സ്വീകരിക്കേണ്ടതും, വാർഷിക പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം

പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ പ്രവർത്തനങ്ങളുടെ ലഘു അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-2016 ആക്ഷൻ പ്ലാൻ പ്രകാരം അംഗീകാരം ലഭിച്ച ആകെ പ്രവൃത്തികൾ | 353 |
| തൻവർഷം ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ | 314 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4265 |
| 2015-2016 ൽ പുതിയതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 250 |
| തൊഴിലിനായി രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 4515 |
| 2015-2016 വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ (എസ്.സി - 30333, ജനറൽ - 128727) | 159060 |
| തൻവർഷം 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾ | 728 |

വരവ് ചെലവ് പത്രിക

മുന്നിരിപ്പ് - ഇല്ല

വരവ്

| | |
|---|---|
| EFMS | 29352255 (Unskilled) |
| EFMS | 79000 (Skilled) |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 675341 |
| ബാങ്ക് പലിശ | 2106 |
| ആകെ | 3,01,08,702 |

ചെലവ്

| | |
|---|---|
| EFMS | 29431255 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 656086 |
| ആകെ | 3,00,87,341 |

നീക്കിയിരിപ്പ് - 21361

തൊഴിലിനായി രജിസ്റ്റർ ചെയ്ത 4515 കുടുംബങ്ങളിൽ 728 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞുള്ളുവെന്നത് പോരായ്മയാണ്. രജിസ്റ്റർ ചെയ്ത എല്ലാവർക്കും 100 തൊഴിൽദിനങ്ങളെന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ വിഭാഗത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധന - അപാകതകൾ

1. B11 - ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

2.B18 - ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നിവിടങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വസ്തുനികുതി പിരിവ് സംബന്ധിച്ച പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ വാർഷിക കണക്കിലെ വസ്തുനികുതിയുടെ കൃത്യത ഉറപ്പാക്കാനായില്ല.

4.കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള ബാദ്ധ്യതയായി B ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് (2016-17 ൽ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 15000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 15000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 15000 | | 15000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് . ഭവനനിർമ്മാണം | ജി.എ.ആർ.ടി.318/2010/ എൽ.എസ്.ജി.ഡി. തീയതി : 21.01.2010 | 16297500 | 3164400 | 3164400 | 885814 | 0 |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2000-01, 2001-02 | 34, 2(4) | 359 | വി.പി.ഹരി കൃഷ്ണകുമാർ, യു.ഡി.സി. | 11502101798 26.09.2015 |
| 2012-13 | 3-16 | 684 | കെ.വിജയൻപിള്ള സെക്രട്ടറി | 11502500005 28.09.2015 |
| 2013-14 | ഖണ്ഡിക 3-6 | 4000 | സൗമ്യ.എസ്.പിള്ള, ഓവർസിയർ , എൻ.ആർ. ഇ.ജി.എസ്. | 11502102780 07.01.2016 |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു |
| | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു. |
| | 17(1),(2) | 2003-2004 | 3 | അനാവശ്യമായി നല്കിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| | | | 3.2.10 | റോഡ്ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36547862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48333499 |
| വരവിനങ്ങളിലുള്ള നഷ്ടം | 375128 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 203536 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 2-2 | 222548 | അനൂപ് കുമാർ.എസ്, സെക്രട്ടറി |
| 2-4 | 141330 | „ |
| 2-5 | 11250 | „ |
| ആകെ | 375128 | „ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 182606 | ശ്രീ.ബിനുരാജ്.ഡി.,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 3548 | ശ്രീ.ജി മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 17382 | ഡോ.മിലി.എം, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനൂപ് കുമാർ.എസ്, സെക്രട്ടറി | സെക്രട്ടറി, നൂറനാട് ഗ്രാമപഞ്ചായത്ത് | അമ്പാട്ട് വീട്, കോളൂർ മുക്ക്, പട്ടാഴി.പി.ഒ, കൊല്ലം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ജി.എ5/1832/11/ തീയതി: |
| 2002-03-2005-06 | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2010-11 ,2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.15 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03,16 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07,16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം. 1

നം. കെ.എസ്.എ-എ.എൽ.പി/പി6/55/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി:25.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P6/55/17

Kerala State Audit Department,
District Audit Office,Alappuzha.
Date: 25.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nooranad Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Nooranad Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.

## അനുബന്ധം. 2

## ഡി & ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി 2014-15 ൽ ഒടുക്കിയിട്ടുള്ളതും 15-16

ൽ ഒടുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | പേരും മേൽവിലാസവും | സ്ഥാപനം | ഡി & ഒ ഫീസ് | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ബാലൻനായർ, പുതുപ്പുരയ്ക്കൽ, പഴഞ്ഞിക്കോണം, പാറ്റൂർ പി.ഒ | വളം ഡിപ്പോ | 300 | 900 |
| 2 | രഘുനാഥൻ നായർ, രേഷ്മാലയം, നടുവിലെമുറി | റബ്ബർ വ്യാപാരം | 300 | 900 |
| 3 | വി.സുനിൽകുമാർ, വിജയസരസ്സ്, മണ്ണഞ്ചേരി | ഫെർട്ടിലൈസർ കമ്പനി | 500 | 1250 |
| 4 | മനോഹരൻ നായർ, കൂടേത്ത്, പാറ്റൂർ | സ്റ്റേഷനറി | 200 | 600 |
| 5 | വാസുദേവൻനായർ, തെക്കേടത്ത് വീട്, ആറ്റുവ | ബേക്കറി - ജ്യൂസ്, ആഹാരസാധനങ്ങൾ | 500 | 1250 |
| 6 | ഇന്ദിരാദേവി, ഇന്ദ്രപ്രസ്ഥം, പഴഞ്ഞിയൂർകോണം | പച്ചക്കറി വിൽപ്പന, പഴങ്ങൾ,തേയില – നൂറാ ഇന്റർനാഷണൽ | 1000 | 2500 |
| 7 | രാജേന്ദ്രൻ, മുല്ലശ്ശേരി കിഴക്കതിൽ, നടുവിലെമുറി, പടനിലം | സ്റ്റേഷനറിയും സ്വീറ്റ്സും | 200 | 360 |
| 8 | ശാന്തമ്മ, കാവുള്ളതിൽ, കിടങ്ങയം | ഗിഫ്റ്റ്, ഫാൻസി | 100 | 360 |
| 9 | രാധമ്മ, കരിപ്പാലിൽ കിഴക്കതിൽ, പഴഞ്ഞിയൂർകോണം | സ്റ്റേഷനറി വ്യാപാരം | 200 | 600 |
| 10 | തോമസ്.ഇ.എൽ, ഇഞ്ചക്കലോഡിൽ, പാറ്റൂർ.പി.ഒ | സ്റ്റേഷനറി, ബേക്കറി | 100 | 300വ |
| 11 | വിശ്വംഭരൻ, കാർത്തിക, പറയാകുളം | ഫാൻസി ഫുട് വെയർ | 200 | 600 |
| 12 | ജമീലബീവി, സിറാജ് മൻസിൽ, ചാരുമൂട് | അലൂമിനിയം പാത്രങ്ങൾ,മെറ്റൽസ് | 500 | 1200 |
| 13 | ഷുക്കൂർ, കോടലത്ത് ഞാക്കനാൽ | പലചരക്ക് കട | 500 | 1200 |
| 14 | അബ്ദുൾ സത്താർ, ഇടശ്ശേരിൽ | ഹോം അപ്ലയൻസസ് | 300 | 900 |
| 15 | മുഹമ്മദ് നൗഫൽ, ആഷിക് മൻസിൽ | റൈഹാൻ ടെക്സ് - കർട്ടൻ, ഫ്ലോർമാറ്റ് വിൽപ്പന | 300 | 1200 |
| 16 | കെ.കെ.ജോസഫ്, ജോസ് വില്ല, എരുമക്കുഴി | എ.ജെ.എഞ്ചിനീയറിംഗ് ലെയ്ത്ത് ഷോപ്പ് | 400 | 900 |
| 17 | ഷിബു.സി.ജെ, ചെട്ടിയാരുപറമ്പിൽ, ചേരാവള്ളി, | യാസിൻ ട്രേഡേഴ്സ് സ്റ്റേഷനറി | 700 | 600 |

| | | | | |
|---|---|---|---|---|
| | കായംകുളം | | | |
| 18 | ആർ.കെ.ഗോപാലകൃഷ്ണൻ ആചാരി, ജിനഭവനം, ഐരാണിപ്പുഴ | സാമിൽ | 1000 | 2000 |
| 19 | എൽ.ഇന്ദിര, രാജ്ഭവനം, നെടുകുളഞ്ഞി, പടനിലം | ഭാരത് പതോളജിക്കൽ ലബോറട്ടറി | 50 | 240 |
| 20 | മധുലാൽ, ചാമക്കാല പടീറ്റതിൽ, ചെറുമു... | പലചരക്ക് | 200 | 600 |
| 21 | ഷംല മുഹമ്മദ് ഹനീഫ, എ വില്ല, മാങ്കാങ്കുഴി | ഹോളോബ്രിക്സ് | 1000 | 1250 |
| 22 | ശാന്തിനി രാജീവ്, രശ്മി ഭവനം, പഴഞ്ഞിക്കോണം, പാറ്റൂർ | പാർവ്വതി ഗാർമെന്റ്സ് | 300 | 900 |
| 23 | പ്രീത.ആർ, കുഴിവേലിൽ, ചെന്നിത്തല | പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായം, എസ്.ജി.ഇൻഡസ്ട്രീസ് | 500 | 900 |
| 24 | ശ്രീനിഷ്.കെ, ബിന്ദു നിവാസ്, നൂറനാട്.പി.ഒ | അലൂമിനിയം മെറ്റീരിയലുകളുടെ വിൽപ്പന – ശ്രീകൃഷ്ണ അലൂമിനിയം സെന്റർ | 500 | 1250 |
| 25 | സോമൻ.എം, കുറ്റിവടക്കതിൽ, തത്തംപുന്ന | രാസവള വിൽപ്പന | 200 | 360 |
| 26 | സോമൻ.എം, കുറ്റിവടക്കതിൽ, തത്തംപുന്ന | പലചരക്ക് | 100 | 360 |
| 27 | ശോഭനകുമാരി.പി.എസ്, കനകമംഗലം, പാറ്റൂർ.പി.ഒ, പടനിലം | വസ്ത്രവ്യാപാരം, കൃഷ്ണ ടെക്സ്റ്റൈൽസ് | 500 | 900 |
| 28 | മനോജ് ഉണ്ണിത്താൻ, പാർവ്വതീ മന്ദിരം, തത്തം... | പഴം ചപ്പാത്തി, ഹോർട്ടികോർപ്പ് പഴം, പച്ചക്കറി | 200 | 600 |
| 29 | രാധിക മോഹൻ, പുതിയ വീട്, കിടങ്ങയം, പാറ്റൂർ | പരബ്രഹ്മ പർപ്പണക വർക്സ് | 300 | 900 |
| 30 | മൊയ്തീൻകുട്ടി, സുഹറ മൻസിൽ, പുതുപ്പള്ളിക്കുന്നം | ബെസ്റ്റ് ബേക്കറി | 200 | 900 |
| 31 | ദിവ്യ സുജിത് ലാൽ, ചൈതന്യ, മുതുകുളം തെക്ക് | ശ്രീപാദം ഫർണീച്ചർ വ്യവസായം | 500 | 1250 |
| 32 | രാജേഷ് കുമാർ, തെങ്ങുംവിളയിൽ, പടനിലം | പച്ചക്കറി വ്യാപാരം | 100 | 600 |

| | | | | |
|---|---|---|---|---|
| 33 | ജനാർദ്ദനൻ, പ്രസന്ന ഭവനം, കിടങ്ങയം | പ്രിയ സ്റ്റോഴ്സ് പലചരക്ക് പച്ചക്കറി | 100 | 360 |
| 34 | മോഹനൻ, പുത്തൻവീട്ടിൽ, കിടങ്ങയം, പടനിലം | ശ്രീനന്ദനം ഫർണീച്ചർ | 200 | 1200 |
| 35 | രാമകൃഷ്ണപിള്ള, അരീപ്പുറത്ത് കിഴക്കതിൽ, നടുവിലെമുറി | സ്റ്റേഷനറി, ബേക്കറി | 200 | 360 |
| 36 | സി.ജെ.ജോൺ, ചിറ്റേടത്ത് ഉഷസ്സ്, കോമല്ലൂർ, ചുനക്കര | റബ്ബർ മുദ്രകൾ, നമ്പർ പ്ലേറ്റുകൾ I/186 C | 100 | 3600 |
| 37 | പ്രകാശ്.പി.ആർ, പ്രകാശ് ഭവനം, പണയിൽ | വർക്ക് ഷോപ്പ് നടത്തുന്നതിന് | 300 | 900 |
| 38 | രവീന്ദ്രൻ.എൻ, മേലേടത്ത് കിഴക്കതിൽ, പഴഞ്ഞിയൂർക്കോണം | ടൂവീലർ വർക്ക്സ് | 300 | 600 |
| 39 | അജികുമാർ.ജെ, കൊപ്പാറ തെക്കെതറയിൽ, ഈരേഴ നോർത്ത് | കണ്ണടവ്യാപാരം | 300 | 750 |
| 40 | പ്രകാശ്, പ്രകാശ് ഭവനം, പണയിൽ | സ്പെയർ പാർട്സ് | 300 | --- |
| 41 | ലിയോ.എ.എൻ, ആണിയിൽ, ചാരുംമൂട് | റബ്ബർ വ്യാപാരം | 200 | 600 |
| 42 | രവീന്ദ്രൻ.ഇ.വി, ഈരിയ്ക്കൽ, പാറ്റൂർ | ബേക്കറി | 200 | 600 |
| 43 | അബ്ദുൾ നാസർ.ബി, നിസ്സാം വില്ല, മേമന, ഓച്ചിറ | ഡ്യൂട്ടിവെയ്സ് ഷോപ്പ് | 500 | 900 |
| 44 | എ.ഷാജി, അൽ-ഫവാദ് ഹൗസ്, മേമനാ, ഓച്ചിറ | ഫാൻസി നടത്തുന്നതിന് | 500 | 900 |
| 45 | സുഭദ്ര.എസ്, തുളസിവനം, കരിമുളക്കൽ | ഫോട്ടോസ്റ്റാറ്റും, ഡി.റ്റി.പി വർക്കും | 100 | 240 |
| 46 | ചന്ദ്രൻ, രഞ്ജിത് ഭവനം, മുതുകാട്ടുകര | ഹോട്ടൽ | 300 | 900 |
| 47 | ജൂലിബിന്ദു, ജോൺ ഭവനം, കിടങ്ങയം | കോഴിക്കട | 500 | 1200 |
| 48 | കെ.രമേശ്, മുല്ലശ്ശേരിൽ തെക്കതിൽ, നടുവിലെമുറി | ഫോട്ടോകോപ്പി ഇ-മൈത്രി | 300 | 900 |
| 49 | ഗീതാരാജൻ, ഗീതാ ഭവനം, ഇടപ്പോൺ | ബേക്കറി, പ്രൊവിഷൻ സ്റ്റോർ | 500 | 900 |

| | | | | |
|---|---|---|---|---|
| 50 | ബിജു ജോസഫ്, ജോൺ ഭവനം, കിടങ്ങയം | കോഴിക്കട | 500 | 1200 |
| 51 | ദിവ്യ സുജിത് ലാൽ, ചൈതന്യ, മുതുകുളം തെക്ക് | തയ്യൽകട | 500 | 1200 |
| 52 | അനിത പ്രകാശ്, വിഷ്ണു വിഹാർ, ഇടപ്പോൺ | ഹോളോബ്രിക്സ് | 3000 | 2500 |
| 53 | ഷാജഹാൻ, ഖാൻ കോട്ടേജ്, കൊട്ടയ്ക്കാട്ടുശ്ശേരി | സാമിൽ | 1000 | 2500 |
| 54 | റഹിമാഖാൻ, ഷാജി മൻസിൽ, നൂറനാട് | സ്റ്റീൽ പാത്രങ്ങൾ | 100 | 600 |
| 55 | നൂറുകുഞ്ഞ്, ഇലഞ്ഞിത്തറയിൽ, ഇലപ്പിക്കുളം | സൈക്കിൾ സ്പെയർ പാർട്സ് | 200 | 360 |
| 56 | സരസമ്മ, പ്രസന്നാലയം, ഇടപ്പോൺ | ബേക്കറി, സ്റ്റേഷനറി | 100 | 360 |
| 57 | മുരുകൻ, ലക്കി ഭവനം, കൊല്ലക്കടവ് | കേശസംസ്കരണത്തിനുള്ള സലൂൺ | 200 | 600 |
| 58 | ഷീജ, ശങ്കംപറമ്പിൽ | കാറ്റാടിതഴകൾ വിൽപ്പന | 200 | 600 |
| 59 | ആദർഷ് കുമാർ, ജയഭവനം, പണയിൽ | അലൂമിനിയം ഫേബ്രിക്കേഷൻ നടത്തുന്നതിന് | 200 | 600 |
| 60 | സുമേഷ്, പൈനിന്റെ വടക്കതിൽ, പാറ്റൂർ | സ്റ്റേഷനറി ബേക്കറി | 200 | 360 |
| 61 | എൽസി കുഞ്ഞുമോൻ, പീസ് വില്ല, തത്തംമുന്ന | ഫ്ലവർമിൽ നടത്തുന്നതിന് | 300 | 600 |
| 62 | ജിജിമോൻ ജോർജ്, പനയ്ക്കൽ ജിൻസി വില്ല, പറയംകുളം | ബേക്കറി സ്റ്റേഷനറി | 300 | 900 |
| 63 | നടരാജൻ നായർ, കോയിക്കൽ, പാലമേൽ | ചായക്കട, ശീതളപാനീയം | 300 | 600 |
| 64 | സുനിൽകുമാർ.ജി, നങ്ങാരേത്ത്, പുത്തൻചന്ത | മൊബൈൽ ഫോണുകളുടെ വിൽപ്പനയും സർവ്വീസിംഗും | 300 | 900 |
| 65 | രാജൻപിള്ള, ഹരിമംഗലത്ത്, പാലമേൽ | ബേക്കറി | 200 | 300 |
| 66 | ബിജു.കെ, ബിലാൽ മൻസിൽ,ചേരിക്കൽ, പന്തളം | ബാർബർ ഷോപ്പ് | 300 | 900 |
| 67 | റെജി, ആരിഫ് മൻസിൽ, ചുനക്കര | സ്പോർട്സ് സാധനങ്ങളുടെ വിൽപ്പന | 300 | 900 |

| | | | | |
|---|---|---|---|---|
| 68 | നസ്സിറുദ്ദീൻ, നവാസ് മൻസിൽ, ഇടക്കുളങ്ങര, കരുനാഗപ്പള്ളി | സ്പെയർപാർട്ട്സ് വിൽപ്പന | 300 | 1200 |
| 69 | നസ്സിറുദ്ദീൻ, നവാസ് മൻസിൽ, ഇടക്കുളങ്ങര, കരുനാഗപ്പള്ളി | സർവ്വീസ് സെന്റർ | 600 | 1200 |
| 70 | കെ.കെ.കുമാരൻ, പുലരി, ഇടപ്പോൺ, പാറ്റൂർ | പരചരക്ക് കട | 200 | 360 |
| 71 | ഷാജഹാൻ, സീനാമൻസിൽ, പത്തനംതിട്ട | വസ്ത്രവ്യാപാരം | 500 | 900 |
| 72 | മഹമൂദ്, ഫിറോസ് മൻസിൽ, കായംകുളം | വസ്ത്രവ്യാപാരം | 500 | 1200 |
| 73 | രതീഷ് കുമാർ.ആർ, അരുണോദയം, കൊട്ടയ്ക്കാട്ടുശ്ശേരി | വെൽഡിംഗ് വർക്ക്ഷോപ്പ് | 600 | 1250 |
| 74 | ശ്രീകുമാർ, 91-ബി, രാധേയം, പെരിങ്ങോല, കായംകുളം | കേരള കമ്മ്യൂണിക്കേഷൻ ഗോഡൗൺ | 1000 | 2500 |
| 75 | മായാദേവി, കൊച്ചുകോയിക്കൽ, ഐരാണിക്കുടി | സ്റ്റേഷനറി, അക്വേറിയം | 100 | 240 |
| 76 | രത്നമ്മ.കെ.ആർ, പുളിവിളയിൽ, ഇടപ്പോൺ | സ്റ്റേഷനറി | 200 | 600 |
| 77 | അജി, അജി ഭവനം, പഴഞ്ഞക്കോണം | വെൽഡിംഗ് വർക്ക് ഷോപ്പ് | 300 | 900 |
| 78 | സാജു.എം.ഫിലിപ്പ്, സാജു വില്ല, കോമല്ലൂർ | ഫോട്ടോസ്റ്റാറ്റ് | 300 | 900 |
| 79 | ഷമ്മി രാജൻ, അടിയങ്കോട്ട് തെക്കതിൽ, കിടങ്ങയം | വെൽഡിംഗ് വർക്ക്ഷോപ്പ് | 400 | 900 |
| 80 | റ്റി.റ്റി.രാജപ്പൻ, തെക്കേപ്പറമ്പിൽ, ചെറുമുഖ | ബേക്കറി സ്റ്റേഷനറി | 300 | 900 |
| 81 | ഉദയൻ.കെ, ചന്തയുടെ തെക്കേതിൽ, തെക്കേപ്പുര, നടുവിലെമുറി | സി.ഡി വിൽപ്പന | 300 | 600 |
| 82 | വിജയകൃഷ്ണൻ, പണയശ്ശേരി കിഴക്കതിൽ, തത്തംമുന്ന | ടയർ വർക്ക്സ് | 250 | 600 |
| 83 | വി.കെ.കൊച്ചുകൃഷ്ണൻ, രശ്മി, പാറ്റൂർ | സ്റ്റേഷനറി വ്യാപാരം | 200 | 600 |
| 84 | ഇന്ദ്രജിത്ത് മംഗളം, പേരൂർകാരാഴ്മ, ചാരുംമൂട് | ടൂവീലർ വർക്ക് ഷോപ്പ് | 500 | 1250 |

| | | | | |
|---|---|---|---|---|
| 85 | ശശിധരൻ നായർ, ശ്രീവത്സം, പുലിമേൽ | തുണിക്കട ഫാൻസി | 200 | 600 |
| 86 | വാസുദേവൻ നായർ, തെക്കേടത്ത്, ആറ്റുവ | കമ്പ്യൂട്ടർ സാധനങ്ങളുടെ വിൽപ്പന | 300 | 750 |
| 87 | വാസുദേവൻപിള്ള, വിനേഷ് ഭവനം, നടുവിലെമുറി | സ്റ്റേഷനറി വ്യാപാരം | 200 | 600 |
| 88 | ഷെബിൻ.ബി, കൊച്ചുവിള കിഴക്കതിൽ, തെക്കേമുറി, ശൂരനാട് | ഗ്ലാസ്, പ്ലൈവുഡ് കട | 500 | 1250 |
| 89 | സുമ.എസ്, ഉപാസന, കൊട്ടയ്ക്കാട്ടുശ്ശേരി | ഫാൻസി കട | 300 | 750 |
| 90 | ജോൺസൺ, കുന്നംപുറത്ത് വീട്, ഐരാണിക്കുടി | മെത്ത കച്ചവടം | 300 | 1250 |
| 91 | ഷാൻ, അശ്വതി, ഇടക്കുന്നം | സ്റ്റുഡിയോ | 500 | 1250 |
| 92 | ബാസിം ബദറുദ്ദീൻ, ബാസിം മൻസിൽ, പറയംകുളം | പ്രിന്റിംഗ് ആന്റ് ബയന്റിംഗ് | 500 | 1250 |
| 93 | ജയശ്രീ.റ്റി.എൽ, തോപ്പിൽ കിഴക്കതിൽ, ഇടക്കുന്നം | ഫ്ലവർമിൽ | 300 | 900 |
| 94 | ആർ.ഗംഗാധരക്കുറുപ്പ്, കീർത്തനം, പുലിമേൽ | റൈസ്മിൽ | 300 | 900 |
| 95 | ആർ.ഗംഗാധരക്കുറുപ്പ്, കീർത്തനം, പുലിമേൽ | റൈസ്, ഫ്ലവർമിൽ | 300 | 900 |
| 96 | ദീപക്.റ്റി.എസ്, അരീപ്പുറത്ത്, ഇടപ്പോൺ | പവ്വർ ടൂൾസ് സർവ്വീസിംഗ് | 500 | 1250 |
| 97 | വിജയൻ, പുതിയ വീട്, പഴഞ്ഞിക്കോണം | ചായക്കട | 200 | 450 |
| 98 | മോഹനൻ, മോഹൻസ്, ഇടപ്പോൺ | സ്റ്റുഡിയോ | 500 | 1250 |
| ആകെ | | | 37300 | 104030 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.